കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - പഞ്ചായത്ത് ജീവനക്കാര്യം - മലപ്പുറം ജില്ലയിലെ കൊണ്ടോട്ടി ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീ. പി.കെ. അബ്ദുൾ ലത്തീഫ് സമർപ്പിച്ച അപ്പീൽ അപേക്ഷ - നിരസിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

================================================================================

**തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്**

സ.ഉ.(സാധാ) നം.3160/2017/തസ്വഭവ    തീയതി, തിരുവനന്തപുരം, 27.09.2017

================================================================================

പരാമർശം: 1. പഞ്ചായത്ത് ഡയറക്ടറുടെ 19.07.2016-ലെ ഡി4-25141//2015 നമ്പർ നടപടിക്രമം

2. ശ്രീ. പി.കെ. അബ്ദുൾ ലത്തീഫ്, മുൻ കൊണ്ടോട്ടി ഗ്രാമപഞ്ചായത്ത് സെക്രട്ടറി 16.08.2016-ന് സമർപ്പിച്ച അപ്പീൽ അപേക്ഷ

3. പഞ്ചായത്ത് ഡയറക്ടറുടെ 03.08.2017-ലെ ഡി4-25141//2015 നമ്പർ കത്ത്

**ഉത്തരവ്**

നിർദ്ദിഷ്ട കൊണ്ടോട്ടി മുനിസിപ്പാലിറ്റിയുടെ കരട് വാർഡ് വിഭജന പട്ടിക തയ്യാറാക്കുന്നതിന് കൊണ്ടോട്ടി ഗ്രാമപഞ്ചായത്ത്സെക്രട്ടറിയായിരുന്ന ശ്രീ. പി.കെ. അബ്ദുൾ ലത്തീഫിനെ സംസ്ഥാന ഡീ ലിമിറ്റേഷൻ കമ്മീഷൻ ചുമതലപ്പെടുത്തിയിരുന്നു. എന്നാൽ സംസ്ഥാന ഡീ-ലിമിറ്റേഷൻ കമ്മീഷന്റെ മാർഗ്ഗ നിർദ്ദേശങ്ങൾക്കും ചട്ടങ്ങൾക്കും വിരുദ്ധമായി യഥാർത്ഥ വസ്തുതകൾ മറച്ചു വച്ചു കൊണ്ടും, തെറ്റായ വിവരങ്ങൾ നല്കി തെറ്റിദ്ധരിപ്പിച്ചു കൊണ്ടും കരട് വാർഡ് വിഭജന പട്ടികയും റിപ്പോർട്ടും തയ്യാറാക്കിയ കുറ്റത്തിന് ടിയാളുടെ വാർഷിക ഇൻക്രിമെന്റ് സഞ്ചിതഫലത്തോടെയല്ലാതെ ഒരു വർഷത്തേയ്ക്ക് തടഞ്ഞുകൊണ്ട് പരാമർശം (1) പ്രകാരം ഉത്തരവാകുകയുണ്ടായി. പ്രസ്തുത ഉത്തരവ് പുനപരിശോധിക്കണം എന്നാവശ്യപ്പെട്ട് ശ്രീ. അബ്ദുൾ ലത്തീഫ് പരാമർശം (2) പ്രകാരം അപ്പീൽ സമർപ്പിച്ചു. തന്നെ നേരിൽ കേൾക്കണമെന്ന ടിയാന്റെ അപ്പീൽ അപേക്ഷയിലെ അഭ്യർത്ഥന പ്രകാരം തദ്ദേശ സ്വയംഭരണ ഡെപ്യൂട്ടി സെക്രട്ടറി ടിയാനെ നേരിൽ കേട്ടു. നേരിൽ കേട്ട വേളയിൽ ടിയാനെതിരെ ചുമത്തിയിരുന്ന ആരോപണങ്ങൾ എല്ലാം തന്നെ നിഷേധിക്കുകയുണ്ടായി. ആയതിനാൽ പ്രസ്തുത കമ്മീഷന്റെ നിർദേശങ്ങളും ചട്ടങ്ങളും എന്തായിരുന്നു എന്നും ആയതിൽ ഏതെല്ലാം നിർദേശങ്ങൾക്കും ചട്ടങ്ങൾക്കും വിരുദ്ധമായിട്ടായിരുന്നു ടിയാൻ പ്രവർത്തിച്ചിരുന്നത് എന്നതും സംബന്ധിച്ച വിശദമായ മറുപടി ലഭ്യമാക്കുവാൻ പഞ്ചായത്ത് ഡയറക്ടറോട് ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്ത് ഡയറക്ടർ പരാമർശം (3) പ്രകാരം ലഭ്യമാക്കിയ റിപ്പോർട്ടിൽ സംസ്ഥാന ഡീ-ലിമിറ്റേഷൻ കമ്മീഷന്റെ മാർഗ്ഗ നിർദ്ദേശങ്ങളിലെ 10-ാം ചട്ട പ്രകാരം ഒന്നിലധികം പഞ്ചായത്തുകളുടെ ഭൂപ്രദേശങ്ങൾ ഉൾപ്പെടുത്തി പുതിയ മുനിസിപ്പാലിറ്റി രൂപീകരിക്കുമ്പോൾ വാർഡ് വിഭജന പട്ടികയും റിപ്പോർട്ടും ഗ്രാമപഞ്ചായത്തിന്റെ ചുമതലയുള്ള സെക്രട്ടറി തയ്യാറാക്കി നല്കേണ്ടതുണ്ടെന്നും എന്നാൽ കൊണ്ടോട്ടി മുനിസിപ്പാലിറ്റി രൂപീകരിക്കുന്നതുമായി ബന്ധപ്പെട്ട് മാർഗ്ഗ നിർദ്ദേശങ്ങൾ പാലിക്കാതെ തെറ്റായ വിവരങ്ങൾ നൽകിയും, തെറ്റിദ്ധരിപ്പിച്ചു കൊണ്ടും കരട് വാർഡ് വിഭജന പട്ടികയും റിപ്പോർട്ടും തയ്യാറാക്കിയതായി ഹിയറിംഗ് വേളയിൽ ഡീ-ലിമിറ്റഷൻ കമ്മീഷന് ബോധ്യപ്പെട്ടു എന്നും ആയതിന്റെ അടിസ്ഥാനത്തിലാണ് അച്ചടക്ക നടപടി സ്വീകരിച്ചതെന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. വളരെ ശ്രദ്ധയോടെ ചെയ്യേണ്ട വാർഡ് അതിർത്തി പുന:നിർണ്ണയം സംബന്ധിച്ച ജോലികൾ വളരെ ലാഘവത്തോടെയും അശ്രദ്ധയോടെയുമാണ് ശ്രീ. അബ്ദുൾ ലത്തീഫ് ചെയ്തതെന്നു കാണുന്നു. ഈ സാഹചര്യത്തിൽ ശ്രീ. അബ്ദുൾ ലത്തീഫിനെതിരെ പഞ്ചായത്ത് ഡയറക്ടർ സ്വീകരിച്ച അച്ചടക്ക നടപടി പുനഃപരിശോധിക്കേണ്ട സാഹചര്യമുണ്ടെന്ന് കാണുന്നില്ല. ആയതിനാൽ കൊണ്ടോട്ടി ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീ. പി.കെ. അബ്ദുൾ ലത്തീഫ് സമർപ്പിച്ച അപ്പീൽ അപേക്ഷ നിരസിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**പാറ്റ്സി സ്റ്റീഫൻ**
ഡെപ്യൂട്ടി സെക്രട്ടറി

1. ശ്രീ. പി.കെ. അബ്ദുൾ ലത്തീഫ്, മുൻ സെക്രട്ടറി, കൊണ്ടോട്ടി ഗ്രാമപഞ്ചായത്ത്
(പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം മുഖേന)
2. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
3. അക്കൗണ്ടന്റ് ജനറൽ (എ&ഇ)/(ആഡിറ്റ്), കേരള, തിരുവനന്തപുരം/തൃശ്ശൂർ
4. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം
5. ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം
6. വെബ് & ന്യൂ മീഡിയ, സൗത്ത് ബ്ലോക്ക്, ഗവ. സെക്രട്ടേറിയറ്റ്, തിരുവനന്തപുരം
7. കരുതൽ ഫയൽ/ഓഫീസ് കോപ്പി (ഫയൽ നം.ഇപിബി3/194/2016/തസ്വഭവ)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ